**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4077 — 12.12.2018 — ൽ മറുപടിക്ക്

## റേഷൻ വ്യാപാരികളുടെ വേതന പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. യു. ആർ. പ്രദീപ് :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) റേഷൻ വ്യാപാരികളുടെ വേതന പാക്കേജ് നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;<br>(ബി) ഇതുപ്രകാരം ഒരു വ്യാപാരിയുടെ മിനിമം വേതനം എത്ര രൂപയാണ്;<br>(സി) വേതന പാക്കേജ് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (എ) യും (ബി) യും (സി) യും<br>ഉണ്ട്. 45 ക്വിന്റൽ പ്രതിമാസ വിൽപ്പന അടിസ്ഥാനമാക്കിയാണ് പാക്കേജ് രൂപകൽപ്പന ചെയ്തിട്ടുള്ളത്.<br>45 ക്വിന്റൽ പ്രതിമാസ വിൽപ്പനയുള്ള റേഷൻ വ്യാപാരിക്ക് 8,500/- രൂപ സപ്പോർട്ടീവ് പെയ്മെന്റ് ഉൾപ്പെടെ 18,000/- രൂപ കമ്മീഷൻ ലഭിക്കുന്നതാണ്. പാക്കേജിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.<br>1) 45 ക്വിന്റൽ വിതരണം നടത്തുന്ന വ്യാപാരികളുടെ അടിസ്ഥാന കമ്മീഷൻ 16,000/- രൂപയിൽ നിന്നും 18,000/- രൂപയായി വർദ്ധിപ്പിച്ചു.<br>2) അടിസ്ഥാന കമ്മീഷൻ ലഭിക്കുന്നതിനുള്ള സപ്പോർട്ടീവ് പെയ്മെന്റ് തുക 6,100/- രൂപയിൽനിന്നും 8,500/- രൂപയായി വർദ്ധിപ്പിച്ചു.<br>3) 44 ക്വിന്റൽ വരെ ഭക്ഷ്യധാന്യ വിൽപ്പന നടത്തുന്നവർക്ക് ക്വിന്റലിന് 220/- രൂപ നിരക്കിൽ കമ്മീഷനും 18,000/- രൂപ അടിസ്ഥാന കമ്മീഷൻ ലഭ്യമാകുന്നതിന് പരമാവധി 8,500/- രൂപ വരെ സപ്പോർട്ടീവ് പെയ്മെന്റും ലഭ്യമാകുന്നതാണ്.<br>4) 45 ക്വിന്റലിനു മുകളിൽ ഭക്ഷ്യധാന്യ വിൽപ്പന നടത്തിയാൽ അടിസ്ഥാന കമ്മീഷനായ 18,000/- രൂപയ്ക്കു പുറമേ വിൽപ്പന നടത്തുന്ന ഓരോ ക്വിന്റലിനും 180-/ രൂപ നിരക്കിൽ കമ്മീഷൻ ലഭിക്കുന്നതാണ്.<br>5) 45 ക്വിന്റൽ വരെ വിൽപ്പന നടത്തുന്ന വ്യാപാരി അടിസ്ഥാന കമ്മീഷൻ ലഭിക്കുന്നതിന് റിക്വയർമെന്റിന്റെ 70 ശതമാനത്തിലധികം വിൽപ്പന നടത്തേണ്ടതാണ്. വിൽപ്പനയിലുണ്ടാകുന്ന കുറവിന് ആനുപാതികമായി കമ്മീഷനിലും കുറവുണ്ടാകുന്നതാണ്. ആയതു പ്രകാരം 60 ശതമാനത്തിനും 70 ശതമാനത്തിനുമിടയിൽ വിൽപ്പന നടത്തുന്നവർക്ക് സപ്പോർട്ടീവ് പെയ്മെന്റിൽ നിന്നും 20 ശതമാനവും 60 ശതമാനത്തിൽ താഴെ വിൽപ്പന നടക്കുമ്പോൾ 40 ശതമാനവും കുറവുണ്ടാകുന്നതാണ്. |

*സെക്ഷൻ ഓഫീസർ*